**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 442** **23-02-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുള്ള വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിൽ നിന്നും വിവിധ മേഖലകളിലായി ലഭിക്കാനുള്ള വിഹിതം വെട്ടിക്കുറച്ചത് മൂലം ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ? | (എ) | കേന്ദ്ര സർക്കാരിന്റെ 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റിൽ ഭക്ഷ്യ സബ്സിഡി മുൻ സാമ്പത്തിക വർഷത്തെ യഥാർത്ഥ കണക്കായ 5,41,330 കോടി രൂപയിൽ നിന്ന് നടപ്പ് സാമ്പത്തിക വർഷം 2,86,469 കോടി രൂപയായി കുറയുമെന്ന് കണക്കാക്കപ്പെടുന്നു. 2022-23 ബജറ്റ് എസ്റ്റിമേറ്റിൽ ഭക്ഷ്യ സബ്സിഡിക്കായി വകയിരുത്തിയിട്ടുള്ള 2,06,831.09 കോടി രൂപ 2021-22 പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് തുകയേക്കാൾ 27.80% കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2021-22-ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം 98,000 കോടി രൂപയാണ് മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയ്ക്കായി നീക്കിവച്ചതെങ്കിലും 2022-23-ൽ ഇത് 73,000 കോടി രൂപയായി വെട്ടികുറച്ചിട്ടുണ്ട്. ഇത് കാരണം പദ്ധതി വഴി സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടാവുന്ന ആകെ തൊഴിൽ ദിനങ്ങളുടെ എണ്ണത്തിൽ കുറവ് വരാൻ സാധ്യതയുണ്ട്. കൂടാതെ, 14-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം സംസ്ഥാനത്തിന്റെ നികുതി വിഹിതം 2.5% ആയിരുന്നു. 15-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം നികുതി വിഹിതം ആദ്യവർഷം (2020-21) 1.943% ആയും തുടർന്നുള്ള വർഷങ്ങളിൽ 1.925% ആയും കുറഞ്ഞിട്ടുണ്ട്. 2020-21 വർഷത്തിൽ താല്ക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിനു ലഭിച്ച നികുതി വിഹിതം 11560.65 കോടി രൂപയാണ്. 14-ാം ധനകാര്യ കമ്മീഷൻ പ്രകാരമുള്ള 2.5% നികുതി വിഹിതം ലഭിച്ചിരുന്നെങ്കിൽ 2020-21 വർഷത്തിൽ ലഭിക്കേണ്ടിയിരുന്ന നികുതി വിഹിതം 14,874.74 കോടി രൂപയാണ്. ഇക്കാരണത്താൽ 2021-22 സാമ്പത്തിക വർഷത്തിലും 15-ാം ധനകാര്യ കമ്മീഷന്റെ തുടർ കാലയളവിലും നികുതി വിഹിതത്തിൽ ഗണ്യമായ കുറവുണ്ടാകും. |

സെക്ഷൻ ഓഫീസർ